പോലീസ് റൈഫിൾ സെന്ററിന്റെ പ്രവർത്തനം

90 (91) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കേരളാ പോലീസ് റൈഫിൾസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

കേരള റൈഫിൾസ് ബറ്റാലിയന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതിൻപ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കമാണ്ടന്റിനെ ഇതിനകം നിയമിച്ചു കഴിഞ്ഞു. മറ്റു പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങൾ

91 (92) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവ നടന്നിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ പ്രസ്തുത ജില്ലയിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു ;

(സി) എത്ര പേർക്ക് അംഗഭംഗം നേരിട്ടു ;

(ഡി) എത്രപേർക്ക് മറ്റുവിധത്തിലുള്ള പരിക്കേറ്റു ;

(ഇ) ഈ കാലഘട്ടത്തിൽ എത്ര കൊലപാതകശ്രമങ്ങൾ ഇവിടെ നടന്നു ;

(എഫ്) ഈ കാലഘട്ടത്തിൽ ഈ ജില്ലയിൽ എത്ര ബോംബ് സ്ഫോടനങ്ങളും ബോംബുകൊണ്ടുള്ള അക്രമങ്ങളും നടന്നു ;

(ജി) സി.പി.ഐ.(എം)-ന്റെ ആഫീസുകളിൽ ഈ കാലത്ത് എത്ര സ്ഫോടനങ്ങളുണ്ടായി ; മറ്റ് സ്ഥലത്ത് എത്ര സ്ഫോടനങ്ങളുണ്ടായി ;

(എച്ച്) ഈ രണ്ടു വിധത്തിലുള്ള സ്ഫോടനങ്ങളുടേയും ഫലമായി എത്ര പേർ മരിച്ചു ;

(ഐ) എത്ര പേർക്ക് രണ്ടു കൈയും നഷ്ടപ്പെട്ടു ;

(ജെ) എത്ര പേർക്ക് മറ്റുവിധത്തിലുള്ള പരുക്കേറ്റു ?

ഉത്തരം

(എ) 26 രാഷ്ട്രീയ കൊലപാതകങ്ങളും 154 മറ്റ് കൊലപാതകങ്ങളും നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly